# ഫാക്ടറി അടച്ചിട്ട കാലയളവിലെ വിഹിതമടയ്ക്കണമെന്ന ഉത്തരവ് റദ്ദാക്കി

**ഒറീസ്സ ഹൈക്കോടതി**

W.P. (C) No. 15897/2005 Dt. 1.8.2019

ബല്ലാർപൂർ ഇൻഡസ്ട്രീസ് ലിമിറ്റഡ്

X

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ

സേവ പേപ്പർ മിൽസ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഫാക്ടറിക്ക് ഇ.പി.എഫ്. നിയമം ബാധകമാണ്. ധാരാളം തൊഴിലാളികളുള്ള സ്ഥാപനം കൃത്യമായി വിഹിതമടയ്ക്കുക പതിവായിരുന്നു. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം 1987 ആയപ്പോഴേക്കും സാമ്പത്തിക ഞെരുക്കത്തിലായി. 1987-ൽ ഫാക്ടറി പീഡിത വ്യവസായ യൂണിറ്റായി പ്രഖ്യാപിക്കപ്പെട്ടു. ആ വർഷം നവംബർ മാസത്തിൽ ഫാക്ടറി നിയമപ്രകാരം അടച്ചുപൂട്ടി. 1991-ൽ പുനരുദ്ധാരണ പദ്ധതി തയ്യാറായി. ബല്ലാർപൂർ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനി പ്രസ്തുത ഫാക്ടറി ഏറ്റെടുത്തു. ഏറ്റെടുക്കുന്നതിനു മുമ്പ് പഴയ ഫാക്ടറിയിലെ തൊഴിലാളി യൂണിയനുമായി പുതിയ കമ്പനി ഒത്തുതീർപ്പ് കരാറുണ്ടാക്കി. പഴയ കമ്പനിയിലെ തൊഴിലാളികൾ നിശ്ചിത സമയത്തിനുള്ളിൽ ജോലിക്കു വേണ്ടി അപേക്ഷിച്ചാൽ അവരെ നിയമിക്കുമെന്ന് പുതിയ മേനേജ്മെന്റ് തൊഴിലാളികൾക്ക് ഉറപ്പു നല്കി. ഗ്രാറ്റിവിറ്റി കണക്കാക്കുന്നതിനു മാത്രമേ പഴയ ഫാക്ടറിയിലെ സേവനകാലം പരിഗണിക്കൂവെന്ന് മേനേജ്മെന്റും മറ്റ് യാതൊരു ആവശ്യങ്ങളും ഉന്നയിക്കില്ലെന്ന് തൊഴിലാളികളും സമ്മതിച്ചു. 1991-ൽ പുതിയ മേനേജ്മെന്റിന്റെ കീഴിൽ ഫാക്ടറി പ്രവർത്തനമാരംഭിച്ചു. അന്നു മുതൽ സ്ഥാപനം ഇ.പി.എഫ്. വിഹിതം കൃത്യമായി അടച്ചുവന്നുവെന്നു മാത്രമല്ല ഇ.പി.എഫ്. അധികൃതർ കാലാകാലങ്ങളിൽ പരിശോധന നടത്തി പിഴവുകളൊന്നുമില്ലെന്ന് രേഖപ്പെടുത്തുകയും ചെയ്തു. അപ്രകാരം പത്ത് വർഷങ്ങൾ കഴിഞ്ഞപ്പോൾ തൊഴിലാളി യൂണിയന്റെ ജനറൽ സെക്രട്ടറി ഇ.പി.എഫ്. അധികൃതർക്ക് പരാതി നല്കി. 1987 മുതൽ 1991 വരെയുള്ള കാലയളവിൽ മേനേജ്മെന്റ് ഇ.പി.എഫ്. വിഹിതം അടച്ചിട്ടില്ലെന്ന ആരോപണമാണ് പരാതിയിൽ ഉന്നയിച്ചത്. പരാതി ലഭിച്ചതിനെത്തുടർന്ന് ഇ.പി.എഫ്. കമ്മീഷണർ അന്വേഷണ നടപടി ആരംഭിച്ചു. മേനേജ്മെന്റിന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ ഇ.പി.എഫ്. കമ്മീഷണർ 1987-1991 കാലയളവിലെ വിഹിതമായി മുപ്പത്തിമൂന്ന് ലക്ഷത്തോളം രൂപ അടയ്ക്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും അതു തള്ളപ്പെടുകയാണുണ്ടായത്. തുടർന്ന് മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. 1987 മുതൽ 1991 വരെ ഫാക്ടറി പ്രവർത്തിച്ചിട്ടില്ലെന്നും അത് നിയമാനുസൃത അടച്ചുപൂട്ടലായിരുന്നുവെന്നും തൊഴിലാളികളാരും ആ കാലയളവിൽ ജോലി ചെയ്തിട്ടില്ലെന്നും ആർക്കും വേതനം നല്കിയിട്ടില്ലെന്നും വേതനം ലഭിക്കാൻ തൊഴിലാളികൾക്ക് അർഹതയില്ലെന്നും മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. അടച്ചുപൂട്ടിയ കാലയളവിൽ നല്കാത്ത വേതനത്തിന് വിഹിതമടയ്ക്കണമെന്ന ഉത്തരവ് തെറ്റും അന്യായവുമാണെന്ന് മേനേജ്മെന്റ് വാദിച്ചു. ഫാക്ടറി അടച്ചുപൂട്ടിയത് നിയമാനുസൃതമല്ലെന്നും 1987-ൽ തൊഴിലാളികളെ ആരേയും റിട്രഞ്ച് ചെയ്തിട്ടില്ലെന്നും അതിനാൽ വിഹിതമടയ്ക്കാൻ മേനേജ്മെന്റ് ബാധ്യസ്ഥമാണെന്നും ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായുള്ള ഏറ്റെടുക്കലും ഒത്തുതീർപ്പ് കരാറും നിയമസാധുതയുള്ളതാണെന്നും അത് അനുസരിക്കാൻ എല്ലാവരും ബാധ്യസ്ഥരുമാണെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. അത്തരം കരാറുകൾക്ക് മറ്റ് എല്ലാ നിയമങ്ങളുടെമേലും പ്രാമുഖ്യമുണ്ടായിരിക്കുമെന്നും ഹൈക്കോടതി വ്യക്തമാക്കി. ഫാക്ടറി പ്രവർത്തിക്കാത്തതും വേതനം നല്കാത്തതുമായ കാലയളവിലെ വിഹിതമടയ്ക്കണമെന്ന ഉത്തരവ് നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി വിധിച്ചു. ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വിധിയും റദ്ദാക്കിയ ഹൈക്കോടതി മേനേജ്മെന്റിന്റെ റിട്ട് ഹർജി അനുവദിക്കുകയും 1987-1991 കാലയളവിലെ വിഹിതമടയ്ക്കേണ്ടെന്ന് നിർദ്ദേശിക്കുകയും ചെയ്തു.